(ബി) കാസർഗോഡ് ജില്ലയിലെ ലബോറട്ടറി പരിശോധനാ സൗകര്യമുള്ള ആശുപത്രികൾ:

ജില്ലാ ആശുപത്രി	1
ജനറൽ ആശുപത്രി	1
താലൂക്ക് ആശുപത്രി	2
സി.എച്ച്.സി.	9
ജില്ലാ ടി.ബി. സെന്റർ	1
ആകെ	14

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനവും ദേശീയ ആരോഗ്യദൗത്യവും ചേർന്ന് പ്രാഥമിക കേന്ദ്രങ്ങളിൽ ഘട്ടംഘട്ടമായി സൗകര്യം ഒരുക്കുന്നതിനാവശ്യമുള്ള പ്രവർത്തനം സർക്കാർ തലത്തിൽ നടപ്പിലാക്കി വരികയാണ്.

ശ്രീചിത്രാ മെഡിക്കൽ സെന്ററിലെ ചികിത്സാ നിരക്കിലെ വർദ്ധന

6516763) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീചിത്രാ മെഡിക്കൽ സെന്ററിൽ ചികിത്സാ നിരക്കുകൾ 15 മുതൽ 25 ശതമാനം വരെ വർദ്ധിപ്പിച്ചതുമൂലം സാധാരണ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും ചികിത്സാ സഹായം അനുവദിക്കുന്നതും പരിശോധിച്ചിരുന്നോ; എങ്കിൽ ഇതിൽ നിന്നും രോഗികളെ സംരക്ഷിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) രജിസ്ട്രേഷൻ ഫീസ് കൂട്ടിയതും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബി വൺ വിഭാഗത്തിന് നൽകിയ ഇളവ് ഇല്ലാതായതും, ബി വിഭാഗത്തിന് 60-ഉം, സി വിഭാഗത്തിന് 40-ഉം, ശതമാനമായി തരംതിരിവുണ്ടായത് ഒന്നാക്കി പുനഃക്രമീകരിച്ചതും ഗുണഭോക്താക്കളായ രോഗികളെ കൊള്ളയടിക്കുന്നതിനുമാത്രം ഉപകരിക്കുന്നതിനാൽ ഇത് ഒഴിവാക്കി മുൻപുള്ള രീതിയിൽ ചികിത്സാ സഹായം ഉറപ്പുവരുത്താൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ:

(സി) സ്കാൻ, എക്സ്-റേ, ആൻജിയോഗ്രാം, ഹൈപാസ് സർജറി, ആൻജിയോപ്ലാസ്റ്റി, മൈക്രോ വാൽവ് റിപ്ലേസ്മെന്റ് (M.V.R) തുടങ്ങിയ പരിശോധനകൾക്ക് ഈടാക്കിയ വർദ്ധന എത്രയെന്നും, ഇതിൽ നിന്നും രോഗികളെ സംരക്ഷിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ:

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ശ്രീചിത്ര മെഡിക്കൽ സെന്റർ, സാധാരണക്കാർക്ക് അന്യമാകാതിരിക്കാൻ സംസ്ഥാന/കേന്ദ്ര സർക്കാരുകളുടെ ഗ്രാന്റ് പ്രസ്തുത സെന്ററിന് ഉറപ്പാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വർദ്ധിച്ചുവരുന്ന ചെലവുകൾ കണക്കിലെടുത്ത് കാലാകാലങ്ങളിൽ കൃത്യമായ ഇടവേളകളിൽ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി ചികിത്സാ നിരക്കുകൾ പുനർനിർണ്ണയിക്കുന്നുണ്ടെന്നും 2016-ൽ ചികിത്സാ നിരക്കുകൾ 15% വർദ്ധിപ്പിച്ചത് സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്ന രോഗികളെ ബാധിക്കാതിരിക്കാൻ വേണ്ട നടപടികൾ ഇൻസ്റ്റിറ്റ്യൂട്ട് കൈക്കൊണ്ടിട്ടുണ്ടെന്നും നിലവിലുണ്ടായിരുന്ന സബ്സിഡി പഴയതുപോലെ തുടരുന്നതിനാൽ, ഇപ്പോഴത്തെ നിരക്ക് വർദ്ധനവ് സാധാരണക്കാരെ കാര്യമായ സാമ്പത്തിക ബുദ്ധിമുട്ടിലാഴ്ത്തിയിട്ടില്ല എന്നുമാണ് ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചിരിക്കുന്നത്.

(സി) ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ വർദ്ധിപ്പിച്ച പരിശോധനാ നിരക്ക് അനുബന്ധമായി ചേർക്കുന്നു.* നിരക്ക് വർദ്ധനവ് സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്ന രോഗികളെ ബാധിക്കാതിരിക്കാൻ വേണ്ട നടപടികൾ ഇൻസ്റ്റിറ്റ്യൂട്ട് കൈക്കൊണ്ടിട്ടുണ്ടെന്നും നിലവിലുണ്ടായിരുന്ന സബ്സിഡി പഴയതു പോലെ തുടരുന്നതിനാൽ ഇപ്പോഴത്തെ നിരക്ക് വർദ്ധനവ് സാധാരണക്കാരെ കാര്യമായ സാമ്പത്തിക ബുദ്ധിമുട്ടിലാഴ്ത്തിയിട്ടില്ല എന്നുമാണ് ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചിരിക്കുന്നത്.

(ഡി) ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് പോർ മെഡിക്കൽ സയൻസ് & ടെക്നോളജി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായതിനാൽ കേരള സർക്കാരിന് ഇതിന്മേൽ നിയന്ത്രണമില്ല. കേന്ദ്രസർക്കാരിന്റെ ധനസഹായം വർദ്ധിപ്പിക്കണമെന്ന് കാണിച്ച് ആരോഗ്യ വകുപ്പുമന്ത്രി കേന്ദ്ര സയൻസ് ആന്റ് ടെക്നോളജി മന്ത്രി ഡോ. ഹർഷവർദ്ധന് കത്തെഴുതിയിരുന്നു. പ്രതിവർഷം 100 കോടി രൂപ ഗ്രാന്റ്-ഇൻ-എയ്ഡും 98.7 കോടി രൂപ മെഡിക്കൽ റിസർച്ചിനും നൽകി വരുന്നുണ്ടെന്നും ഇതുപോലുള്ള മറ്റ് സ്ഥാപനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ സ്ഥാപനത്തിനാണ് ഏറ്റവും കൂടുതൽ ധനസഹായം നൽകുന്നതെന്നും ദൈനംദിന കാര്യങ്ങൾ പേഷ്യന്റ് കെയർ, വിദ്യാർത്ഥികളുടെ ഫീസ് എന്നിവയിൽ നിന്നുമാണ് വഹിക്കുന്നതെന്നും നിലവിൽ നൽകിവരുന്ന ധനസഹായ തുക വർദ്ധിപ്പിക്കാൻ പ്രയാസമുണ്ട് എന്നുള്ള മറുപടിയാണ് കേന്ദ്ര മന്ത്രിയിൽനിന്നും ലഭിച്ചത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly